DESPATCHED
On..05/03/2020

14/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2209(7)/2014**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 13423/എസ്.ഐ.സി-ജി 6/14

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. മുഹമ്മദ് ഷംസീർ കെ<br>കുണ്ടാട്ടിൽ ഹൗസ്<br>കരുവൻതിരുത്തി പി.ഒ<br>ഫറോക്ക്, പിൻ 673 631 | പരാതി ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>അസിസ്റ്റന്റ് രജിസ്ട്രാർ<br>ബി.എ വിഭാഗം, പരീക്ഷാ ഭവൻ<br>കാലിക്കറ്റ്യൂണിവേഴ്സിറ്റി<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി.പി.ഒ<br>പിൻ-673 635<br>2. അപ്പീൽ അധികാരി<br>പരീക്ഷാ കൺട്രോളർ<br>കാലിക്കറ്റ്യൂണിവേഴ്സിറ്റി<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി.പി.ഒ | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും ആയതിൽ എസ്.പി.ഐ.ഒ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ടിയാൻ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ 2012 അഡ്മിഷനിൽ സെക്കന്റ് സെമസ്റ്റർ റെഗുലർ എക്സാമിനേഷന്റെ ഭാഗമായി നടത്തിയ SO2B02 ഇൻട്രൊഡക്ഷൻ ടു സോഷ്യോളജി എന്ന പരീക്ഷയ്ക്കു FKAMASY 007 എന്ന രജിസ്റ്റർ നമ്പരിലുള്ള വിദ്യാർത്ഥി ഹാജരായിരുന്നോ എന്നും ഉണ്ടെങ്കിൽ ഉത്തരക്കടലാസിന്റെ പകർപ്പുമാണ് ആവശ്യപ്പെട്ടതെന്നും, ആയത് സമഗ്രവിവര ശേഖരണം ആവശ്യമുള്ളതും നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാൻ സാധിക്കാത്തതുമായതിനാൽ അപേക്ഷകന് അധികാരിയുടെ മുൻകൂർ സമ്മതത്തോടെ ഓഫീസിലെത്തി രേഖകൾ പരിശോധിക്കാവുന്ന തുമാണെന്നറിയിച്ചെന്നും, ടിയാൻ പരിശോധിക്കാൻ വന്നില്ലെന്നും, റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. ആയതിനാൽ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM



res